**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1795** **20-06-2024 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാലയിലെ അസോസിയേറ്റ് പ്രൊഫസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവകലാശാലയിൽ അസിസ്റ്റൻറ് പ്രൊഫസർ ആയ ഡോ. എസ്. നസീബിന് യു.ജി.സി. ചട്ടങ്ങൾ മറികടന്ന് അസോസിയേറ്റ് പ്രൊഫസറായി പ്രൊമോഷൻ നൽകാൻ ഐ.ക്യു.എ.സി.(ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ) ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഡോ.എസ്.നസീബ്, സംസ്കൃത സർവ്വകലാശാലയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവ് യു.ജി.സി ചട്ടങ്ങൾ അനുസരിച്ച് ഭരണാനുമതിക്ക് വിധേയമായി സി.എ.എസ് പ്രൊമോഷന് പരിഗണിക്കാമെന്ന്, ഇന്റേർണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC) ശിപാർശ ചെയ്തിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ 12.04.2024 ലെ WP (C) No. 15526/2024 ഹർജിയിലെ വിധിന്യായം പ്രകാരം ഇന്റേർണൽ ക്വാളിറ്റി അഷ്വറൻസ് സെലിന്റെ റിപ്പോർട്ട് പരിഗണിച്ച് തീരുമാനമെടുക്കാൻ സർവ്വകലാശാലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രൊമോഷൻ നൽകുന്നതിന് പ്രസ്തുത വ്യക്തി സംസ്കൃത സർവകലാശാലയിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവ് കൂടി കണക്കിലെടുക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | (ബി) | സി.എ.എസ് പ്രൊമോഷനുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ, സംസ്കൃത സർവ്വകലാശാലയിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 10.06.1997 മുതൽ 30.11.1998 വരെയുള്ള കാലയളവ് കണക്കിലെടുക്കാൻ ഡോ.എസ്.നസീബ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലയളവ് യു.ജി.സി. ചട്ടപ്രകാരം പരിഗണനാർഹമാണോ; | (സി) | പ്രസ്തുത കാലയളവ് കണക്കിലെടുക്കാവുന്നതാണോ എന്ന വിഷയം സിൻഡിക്കേറ്റിന്റെ ഉപസമിതിയുടെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത കരാർ നിയമന കാലയളവ് പ്രസ്തുത വ്യക്തിക്ക് അസിസ്റ്റന്റ് പ്രൊഫസറുടെ ഹയർ ഗ്രേഡ് അനുവദിച്ചപ്പോൾ കണക്കിലെടുത്തിരുന്നോ; വ്യക്തമാക്കാമോ? | (ഡി) | കണക്കിലെടുത്തിരുന്നില്ല. |

സെക്ഷൻ ഓഫീസർ